## കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് -സേവനകാര്യം-മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ആശുപത്രി അററന്റന്റ് ഗ്രേഡ് - II തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് അന്തർ ജില്ലാ സ്ഥലം മാററം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സ.ഉ. (സാധാ) നം. 2802/2015/ആ.കു.വ. തീയതി: 02/09/2015.
2. ശ്രീ.സന്തോഷ് കുമാർ.കെ.കെ യുടെ 11/05/2017 ലെ അപേക്ഷ
3. ശ്രീമതി.സുജാത.കെ.വി യുടെ 11/05/2017 ലെ അപേക്ഷ

**ഉത്തരവ് നമ്പർ ജെ4 /21163/2017/മെ.വി.കാ. തീയതി: 21/07/2017**

ഒന്നാമതായി പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലെ ആശുപത്രി അററന്റന്റ് ഗ്രേഡ് - II തസ്തികയിൽ ജോലി നോക്കുന്ന ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം 17 (ഡി) യിലെ വ്യവസ്ഥകൾക്ക് വിധേയമായി ടി ജീവനക്കാരുടെ പേരിനു നേരെ രേഖപ്പെടുത്തിയിട്ടുള്ള സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക്അവരവരുടെഅപേക്ഷ പ്രകാരം അന്തർ ജില്ലാ സ്ഥലം മാററം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | ഇപ്പോൾ ജോലി നോക്കുന്ന കോളേജ് | അപേക്ഷ പ്രകാരം അന്തർജില്ലാ സ്ഥലം മാററം അനുവദിച്ച കോളേജ് |
|---|---|---|---|
| 1. | ശ്രീ.സന്തോഷ് കുമാർ.കെ.കെ | കോട്ടയം | തൃശ്ശൂർ |
| 2. | ശ്രീമതി.സുജാത.കെ.വി | കോട്ടയം | തൃശ്ശൂർ |

ടി ജീവനക്കാർ സ്ഥലം മാററം ലഭിച്ച സർക്കാർ മെഡിക്കൽ കോളേജിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയിൽ പ്രൊബേഷണർ ആണെങ്കിൽ പ്രൊബേഷണറുടെ കൂട്ടത്തിൽ ഏററവും ജൂനിയറായും, അപ്രൂവ്ഡ് പ്രൊബേഷണർ ആണെങ്കിൽ അവരുടെ കൂട്ടത്തിൽ ഏററവും ജൂനിയറായും സീനിയോരിററി നിർണ്ണയിക്കേണ്ടതാണ്.

അതാത് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർ ഈ ഉത്തരവിന്റ പകർപ്പ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈററിൽ നിന്നും ഡൗൺലോഡ് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഒപ്പ്/-
ഡോ.ശ്രീകുമാരി.കെ
ഡയറക്ടർ (ഇൻചാർജ്)

സ്വീകർത്താവ്,

ക്രമ നം.1 മുതൽ 2 വരെയുള്ള ബന്ധപ്പെട്ട ജീവനക്കാർ ( അതാത് പ്രിൻസിപ്പാൾ മുഖേന)

പകർപ്പ്: 1. വെബ്സൈററ്
2. പ്രിൻസിപ്പാൾ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം/ തൃശ്ശൂർ
3. ഫയൽ/ കരുതൽ ഫയൽ/റെക്കോർഡ് സെക്ഷൻ

ഉത്തരവിൻ പ്രകാരം